

# വിളിച്ചു വിളികേട്ട കാഞ്ഞൂർ പുണ്യവാൻ

## സെന്റ് മേരീസ് ഫൊറോന പള്ളി



**വിശുദ്ധ സെബസ്ത്യാനോസിന്റെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രം**

തിരുനാൾ എല്ലാ വർഷവും ജനുവരി 19, 20 എട്ടാമിടം 26, 27

“മരണം വരെ നീ വിശ്വസ്തനായിരിക്കുക എന്നാൽ ഞാൻ നിനക്ക് ജീവന്റെ മകുടം നൽകാം” (വെളി. 2:10). മരണം വരെ ദൈവസന്നിധിയിൽ വിശ്വസ്തനായിരുന്നു കൊണ്ട് ജീവന്റെ കിരീടം സ്വന്തമാക്കിയ വ്യക്തിയാണ് വിശുദ്ധ സെബസ്ത്യാനോസ്. സ്നേഹം തെളിയിക്കാൻ മരണത്തേക്കാൾ വലിയൊരു മാർഗമില്ല എന്ന ഈശോയുടെ സന്ദേശം ഉൾക്കൊണ്ട് വിശുദ്ധൻ രക്തസാക്ഷിത്വം വരിച്ചു. വിശുദ്ധന്റെ മാതൃക അനുകരിച്ച് നമുക്കും ഈശോയോടുള്ള സ്നേഹത്തെ പ്രതി അനുദിന ജീവിതത്തിലെ ക്ലേശങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കുവാൻ പരിശ്രമിക്കാം. ജനുവരി 19, 20, 26, 27 വിശുദ്ധന്റെ തിരുനാൾ നമ്മൾ ആഘോഷിക്കുകയാണ്. കാഞ്ഞൂർ പള്ളിയിലേക്കും തിരുനാൾ കർമ്മങ്ങളിലേക്കും, പുണ്യവാളന്റെ മാദ്ധ്യസ്ഥം വഴി അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

**ഫാ. ജോസഫ് കണിയാംപറമ്പിൽ**
വികാരി





**ഫാ. ഡോൺ മുളവരിയ്ക്കൽ**
സഹ. വികാരി



**ഫാ. ജോസ് വടക്കൻ**
സഹ. വികാരി



**ഫാ. അഗസ്റ്റിൻ പാറക്കൽ CMI**
സഹ. വികാരി








# കാഞ്ഞൂർ പള്ളി സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രം

ക്രിസ്തുവർഷം 52ൽ ഭാരതത്തിൽ എത്തിയ തോമാശ്ലീഹ ഇവിടെ ക്രിസ്തുമതം പ്രചരിപ്പിച്ചുവെന്നും കേരളത്തിൽ പള്ളികൾ സ്ഥാപിച്ചുവെന്നും ചരിത്രം പറയുന്നു. മലയാറ്റൂർ അടക്കം സുവിശേഷ വേല ചെയ്ത തോമാശ്ലീഹായിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച ക്രിസ്ത്യാനികൾ നാടിന്റെ നാനഭാഗത്തേയ്ക്കും കുടിയേറി താമസിച്ചു. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പാലയൂരിൽ നിന്നും കുടിയേറിയ ക്രിസ്ത്യാനികൾ അങ്കമാലിയിലും അവിടെ ജനവാസം കൂടിയപ്പോൾ അടുത്തുള്ള ഗ്രാമപ്രദേശങ്ങളിലേക്കും മാറി താമസിച്ചു. അങ്ങനെ കാഞ്ഞൂരിലും വന്ന് താമസമാക്കി. ആ കാലഘട്ടങ്ങളിൽ റോഡുമാർഗ്ഗങ്ങളിലൂടെയുള്ള യാത്രാസൗകര്യം വളരെ കുറവായിരുന്നു. വഞ്ചികളിലാണ് കൂടുതലും യാത്ര. ഇടപ്പള്ളിയിൽ നിന്നും രണ്ട് പുരോഹിതൻമാർ മലയാറ്റൂരിലേക്ക് പെരിയാറിലൂടെ യാത്രചെയ്യുമ്പോൾ കാഞ്ഞൂർ തെക്കുംഭാഗത്ത് വച്ച് ചട്ടയും മുണ്ടും ധരിച്ചിരുന്ന സ്ത്രീകളെ കാണുവാൻ ഇടയായി. ഈ ഭാഗത്ത് ക്രിസ്ത്യാനികൾ താമസിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ പുരോഹിതർ വള്ളം കരയ്ക്കടുപ്പിച്ച് അവരുടെ ജീവിതരീതികളെക്കുറിച്ചും ആത്മീയ കാര്യങ്ങളെക്കുറിച്ചും ചോദിച്ചറിഞ്ഞു. ഇവിടെ അടുത്തെങ്ങും പള്ളികളില്ലെന്നും അതുകൊണ്ട് ആത്മീയകാര്യങ്ങൾ നടത്താറില്ലെന്നും അവരിൽ നിന്നും പുരോഹിതർ മനസ്സിലാക്കി. ഒരു താല്ക്കാലിക ഏർപ്പാടെന്ന നിലയിൽ അവരിൽ വലിയവീട്ടിൽ ഏലീശ്വ എന്ന സ്ത്രീയുടെ വീടിന്റെ ഒരു ഭാഗം ദിവ്യബലി അർപ്പിക്കുന്നതിനുള്ള ഒരു വേദിയാക്കി മാറ്റി. തുടർന്ന് തങ്ങൾക്ക് ശാശ്വതമായി ഒരു പള്ളിയും പട്ടക്കാരനും ഉണ്ടാകുവാനുള്ള ശ്രമം ക്രിസ്ത്യാനികൾ ഒത്തൊരുമിച്ച് ആരംഭിച്ചു. ആയിടക്കാണ് കാഞ്ഞൂർ മനക്കലെ തിരുമേനിക്ക് മാരകമായ പകർച്ചവ്യാധി പിടിപെട്ടത്. ചികിത്സകളൊന്നും ഫലിക്കാതെ വന്നപ്പോൾ വലിയവീട്ടിൽ ഏലീശ്വ തനിക്കറിയാമായിരുന്ന ചികിത്സകൾകൊണ്ട് തിരുമേനിയുടെ ജീവൻ രക്ഷിച്ചു. അതിൽ സന്തുഷ്ടനായ തിരുമേനി ഏലീശ്വയുടെ ആഗ്രഹപ്രകാരം കാഞ്ഞൂരിൽ പള്ളിവയ്ക്കുന്നതിനുള്ള സ്ഥലവും അനുവാദവും നല്കി. അങ്ങനെ ക്രിസ്തുവർഷം 1001–ാം മാണ്ടിൽ കാഞ്ഞൂരിൽ പള്ളി സ്ഥാപിതമായി.

പള്ളി സ്ഥാപിച്ചത് 9–ാം നൂറ്റാണ്ടിലാണെന്ന് മറ്റൊരഭിപ്രായവുമുണ്ട്. പിൽക്കാലത്ത് 1403ൽ പള്ളി പുതുക്കിപ്പണിതതായും കാണുന്നു. തുടർന്ന് 2018 വരെ പല കാലഘട്ടങ്ങളിലായി പള്ളിയുടെ പഴമയ്ക്കും ശില്പചാതുര്യങ്ങൾക്കും കോട്ടം തട്ടാതെ അവ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പള്ളിക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പൗരാണികത്വത്തിലും പ്രൗഢിയിലും പ്രഥമസ്ഥാനത്തു നിൽക്കുന്ന ദേവാലയങ്ങളിൽ ഒന്നാണ് കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളി. എറണാകുളം – അങ്കമാലി അതിരൂപതയിൽപ്പെട്ട ഈ പള്ളി അദ്വൈത മന്ത്രത്തിന്റെ ആചാര്യനായ ശ്രീ ശങ്കരാചാര്യരുടെ ജന്മം കൊണ്ട് പുണ്യഭൂമിയായി മാറിയ കാലടിയിൽ നിന്നും ഏകദേശം 3 കി.മീ. തെക്കുമാറി പെരിയാറിന്റെ തീരത്തായി സ്ഥിതി ചെയ്യുന്നു. നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും 5 കി.മീ ദൂരമാണ് ഇവിടേക്കുള്ളത്. പുരാതനമായ കൊത്തുപണികളും തങ്കം പൂശിയ ചിത്രപ്പണികളും കൊണ്ട് അലംകൃതമായ അൾത്താരകൾ ശില്പകലാരംഗത്തെ അത്ഭുതങ്ങളിലൊന്നാണ്. കാലത്തിന്റെ കടന്നുപോക്കിൽ പല ചുമർചിത്രങ്ങളും നശിപ്പിക്കപ്പെട്ടുപോയെങ്കിലും അൾത്താരയുടെ ഭാഗങ്ങളിലുള്ളവ പഴമ നഷ്ടപ്പെടാതെ നിലനിർത്തിയിട്ടുണ്ട്. പള്ളിയുടെ വടക്കേഭിത്തിയിൽ പതിച്ചിട്ടുള്ള കല്ലറക്കല്ലുകളിലെ ലിപികൾ പള്ളിയുടെ കാലപ്പഴക്കം സൂചിപ്പിക്കുന്ന ചരിത്രരേഖകളാണ്.

1599 ജൂൺ 20 ന് നടന്ന ഉദയംപേരൂർ സുനഹദോസ് വിളിച്ചുകൂട്ടിയ മെനേസിസ്സ് മെത്രാപ്പോലീത്ത പ്രധാനപ്പെട്ട പള്ളികൾ സന്ദർശിച്ച കൂട്ടത്തിൽ കാഞ്ഞൂർ പള്ളിയും സന്ദർശിക്കുകയുണ്ടായി. 1657 ൽ അലക്സാണ്ടർ 7–ാം മാർപ്പാപ്പയുടെ പ്രതിനിധിയായി ഇന്ത്യയിലെത്തിയ മിഷനറിയായ ജോസഫ് സെബസ്ത്യാനിയുടെ ഡയറിക്കുറിപ്പുകളിലും കാഞ്ഞൂർ പള്ളി സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൊച്ചി – കൊടുങ്ങല്ലൂർ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന പെ. ബഹു. ഗോവർണ്ണദോരച്ചനെ അടക്കം ചെയ്തിരിക്കുന്നത് ഈ പള്ളിയിലാണ്. ആണ്ടിൽ ഒരു റാസക്ക് 100 രൂപ വച്ചിട്ടുണ്ടെന്നുള്ള ലിഖിതം അദ്ദേഹത്തിന്റെ കല്ലറയുടെ മുകളിൽ ഇട്ടിരിക്കുന്ന കല്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പള്ളിയുടെ മുൻഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന കൽകുരിശ്, ഒറ്റക്കല്ലിൽ കൊത്തുപണികളോടുകൂടി തയ്യാറാക്കിയ ഭീമാകാരമായ മാമ്മോദീസ കല്ല്, പ്രധാന കവാടമായ ആനവാതിൽ, കൊത്തുപണികളോടുകൂടിയ പ്രസംഗപീഠം എന്നിവയെല്ലാം പള്ളിയുടെ കാലപ്പഴക്കം വിളിച്ചറിയിക്കുന്ന രേഖകളാണ്. വലുപ്പംകൊണ്ടും ശബ്ദംകൊണ്ടും പ്രസിദ്ധമായ മണികൾ ഫ്രാൻസിൽ നിന്നും കൊണ്ടുവന്ന് സ്ഥാപിച്ചിട്ടുള്ളതാണ്. മനമുരുകി പ്രാർത്ഥിച്ച് വിളിച്ചാൽ വിളി കേൾക്കും എന്ന വിശ്വാസ തീക്ഷ്ണതയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നു മാത്രമല്ല, വിദേശരാജ്യങ്ങളിൽ നിന്ന് പോലും ധാരാളം തീർത്ഥാടകർ വിശുദ്ധന്റെ അത്ഭുത തിരുസ്വരൂപം വണങ്ങുന്നതിനും, മാദ്ധ്യസ്ഥം തേടുന്നതിനുമായി ഇവിടെ ഓടിയെത്തുന്നു. തിരുനാളിന്റെ പ്രാധാന്യം മനസ്സിലാക്കി കേരള സർക്കാർ ഇവിടെ ഫെസ്റ്റിവൽ ഏരിയായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ സർക്കാർ ഡിപ്പാർട്ടുമെന്റുകളുടേയും സഹകരണത്തോടെയാണ് ഇവിടെ തിരുനാൾ നടത്തി വരുന്നത്.

# കാഞ്ഞൂർ പള്ളിയിലെ ആനവിളക്കും ശക്തൻ തമ്പുരാനും



ഇതുമായി ബന്ധപ്പെട്ട് രണ്ട് കഥകളാണ് പൊതുവെ പറഞ്ഞ് കേൾക്കുന്നത്. പള്ളിയിൽ നിന്നും അരകിലോമീറ്റർ തെക്ക് മാറി അങ്ങാടിക്ക് സമീപത്തുള്ള പുതിയേടത്താണ് തെക്കേ കോവിലകം സ്ഥിതി ചെയ്യുന്നത്. ശക്തൻ തമ്പുരാൻ രാജാവ് വിശ്രമിക്കുന്നതിനായി ജന്മഗേഹമായ കോവിലകത്ത് എഴുന്നുള്ളിയിരിക്കുന്ന സമയം, വിശുദ്ധന്റെ തിരുനാൾ ദിനത്തിൽ കതിനവെടികൾ അത്യുച്ചത്തിൽ മുഴങ്ങി. ഇടമുറിയാതെയുള്ള വെടിയുടെ ശബ്ദം അസഹ്യമായി തോന്നിയ തമ്പുരാൻ അവയെല്ലാം പെറുക്കി പുഴയിലെറിയുവാൻ കല്പിച്ചു. ഭൃത്യന്മാർ കല്പന നിറവേറ്റി. നിറകതിനകളെല്ലാം തൊട്ടടുത്ത പെരിയാർ നദിയിൽ കൊണ്ടിട്ടു. പക്ഷെ പ്രദക്ഷിണം പള്ളിയിൽ നിന്നും ഇറങ്ങാറായപ്പോൾ പുഴയിൽ കിടന്ന കതിനകളെല്ലാം കൂട്ടപൊട്ടോടെ കരയിൽ കയറി. ശക്തൻ തമ്പുരാൻ കോപ്രകാന്തനായി ഉടൻ പള്ളിയിലെത്തി. പുണ്യവാളന്റെ അത്ഭുതശക്തി നേരിൽ ബോധ്യപ്പെടുകയും തന്റെ തെറ്റിന് പ്രായശ്ചിത്തമായി ഒരു ആനവിളക്കും അതിൽ ഒഴിച്ചു കത്തിക്കുന്നതിനായി എണ്ണ ചെലവിലേക്ക് 100 പറ നിലവും കരം ഒഴിവാക്കി പുണ്യവാളന് കാണിക്കയായി സമർപ്പിച്ചതായി പറയുന്നു.

മറ്റൊരു കഥ, ഒരിക്കൽ തമ്പുരാൻ പള്ളിയുടെ മുൻപിലൂടെ കുതിരപ്പുറത്ത് എഴുന്നുള്ളുമ്പോൾ പള്ളിയുടെ പടിപ്പുരയിൽ ഇരുന്ന ഒരാൾ തമ്പുരാനെ എഴുന്നേറ്റ് വണങ്ങിയില്ല. ഇതിൽ കോപിഷ്ഠനായ തമ്പുരാൻ പള്ളിയുടെ പടിപ്പുര പൊളിച്ച് കളയുവാൻ കൽപ്പന നൽകി. ഭൃത്യന്മാർ പടിപ്പുര പൊളിക്കുവാൻ തുടങ്ങിയപ്പോൾ, കോവിലകത്തെ ആന കോവിലകത്തെ പടിപ്പുര തകർക്കുവാൻ തുടങ്ങി. കാഞ്ഞൂർ പള്ളിയിലെ സെബസ്ത്യാനോസ് പുണ്യവാൻ അത്ഭുത ശക്തിയുള്ള ദിവ്യനാണെന്നും, അവിടത്തെ കോപമാണ് ഇതിന് കാരണമെന്നും വെളിച്ചപ്പാട് തമ്പുരാനെ ഉണർത്തിച്ചു. ഇതു കേട്ട തമ്പുരാന് വിശ്വാസം വരികയാൽ പ്രാശ്ചിത്തമായി പുണ്യവാന് സമർപ്പിച്ചതാണ് പ്രസിദ്ധമായ ആന വിളക്ക്. നരസിംഹത്തിന്റെ തലയോടുകൂടിയ തുടൽവിളക്കിന്റെ തട്ടിൽ ആനയും ആനപ്പുറത്ത് പൂണൂൽ ധരിച്ച പൂജാരിയുമായിട്ടുള്ളതാണ് കാഞ്ഞൂർ പള്ളിയിലെ പ്രസിദ്ധമായ ആനവിളക്ക്. കഥ ഏതുതന്നെ ആയാലും ശക്തൻ തമ്പുരാൻ കാണിക്കയായി കാഞ്ഞൂർ പള്ളിക്ക് ആനവിളക്ക് നൽകിയെന്നത് ചരിത്രസത്യമാണ്. വിശ്വസികൾ ആനവിളക്കിലെ എണ്ണ നെറുകയിൽ തൊട്ട് രോഗസൗഖ്യം നേടുന്നതായി പറയപ്പെടുന്നു.






# "വിളിച്ചു വിളികേട്ട കാഞ്ഞൂർ പുണ്യവാനും" ടിപ്പുസുൽത്താനും



ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് അദ്ദേഹം കീഴടക്കിയ പ്രദേശങ്ങളിലെ പള്ളികളും അമ്പലങ്ങളും നാമാവശേഷമാക്കിയിരുന്നു. 1790 – ൽ ടിപ്പു സുൽത്താൻ കാഞ്ഞൂർ പള്ളി ആക്രമിക്കുവാൻ പടയുമായി എത്തി. ടിപ്പുവിന്റെ പട വരുന്നതറിഞ്ഞ് ഇടവക ജനങ്ങൾ ഓടിക്കൂടി വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപത്തിനു മുന്നിൽ നിന്ന് കരഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. പള്ളിയെ ആക്രമിക്കുവാൻ ടിപ്പു കല്പന കൊടുത്തപ്പോൾ പുണ്യവാന്റെ അത്ഭുതശക്തിയെക്കുറിച്ച് ഭക്തജനങ്ങൾ സുൽത്താനോടു ഉണർത്തിച്ചു. അതുകേട്ട സുൽത്താൻ പറഞ്ഞു: "ഈ കളിമൺ പ്രതിമക്ക് അത്ഭുതശക്തി ഉണ്ടെങ്കിൽ പുണ്യവാൻ നമ്മോട് നേരിട്ട് സംസാരിക്കട്ടെ" എന്ന്. അപ്പോൾ ഭക്തജനങ്ങൾ കുട്ടനിലവിളിയോടെ, "കാഞ്ഞൂർ പുണ്യവാനേ...! ഞങ്ങളെ കാത്തുകൊള്ളണെ...!!" എന്ന് വിളിച്ചപേക്ഷിച്ചു. "എനിക്ക് ഇവിടെ ഇരുന്നു കൂടെ..." എന്ന് ഉച്ചത്തിൽ ഒരു ശബ്ദം വി. സെബസ്ത്യാനോസിന്റെ രൂപത്തിൽനിന്ന് പുറത്തേക്കുവന്നു. ഇതുകേട്ട് അത്ഭുതപ്പെട്ട ടിപ്പുസുൽത്താൻ കാഞ്ഞൂർ പള്ളിയെ ആക്രമിക്കാതെ തിരിച്ചു പോയെന്നാണ് ചരിത്രം. അന്നുമുതൽ കാഞ്ഞൂർ പുണ്യവാൻ "വിളിച്ചു വിളികേട്ട പുണ്യവാനായി" അറിയപ്പെടുന്നു. പള്ളിയെ ആക്രമിക്കുവാൻ ടിപ്പുസുൽത്താൻ വന്ന സമയത്ത് പള്ളിയോട് ചേർന്നുള്ള പെരിയാറിൽ ഒരു അത്ഭുത വെള്ളപ്പൊക്കം ഉണ്ടാവുകയും അവിടെ തമ്പടിച്ചിരുന്ന പട്ടാളക്കാരും പടകോപ്പുകളും ഒലിച്ചു പോവുകയും ചെയ്തുവെന്ന് പറയപ്പെടുന്നു.

# കാഞ്ഞൂർക്കാരുടെ പത്താന്തി തിരുനാൾ

വി. സെബാസ്ത്യാനോസിന്റെ തിരുനാൾ "പത്താന്തി തിരുനാൾ" എന്ന പേരിലാണ് കാഞ്ഞൂരിൽ പുരാതനകാലം മുതൽക്കേ അറിയപ്പെട്ടിരുന്നത്. ഇതിനു പ്രധാനമായും രണ്ടു കാരണങ്ങളാണ് പഴമക്കാർ പറഞ്ഞു വരുന്നത്. അതിൽ ഒന്ന്, പഴയകാലത്ത് ക്രിസ്ത്യാനികൾ പിന്തുടർന്നിരുന്നത് ഗ്രിഗോറിയൻ കലണ്ടർ ആയിരുന്നെന്നും ഗ്രിഗറി 13–ാം മാർപാപ്പ ഉണ്ടാക്കിയ ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ഇംഗ്ലീഷ് കലണ്ടറുമായി അതിനു 10 ദിവസത്തെ വ്യത്യാസം ഉണ്ട് എന്നതുമാണ്. ജനുവരി 20 എന്ന് ഇപ്പോഴത്തെ കലണ്ടർ പ്രകാരം പറയുമ്പോഴും അതു ഗ്രിഗോറിയൻ പ്രകാരം ജനുവരി 10 മാത്രമേ ആവുന്നുള്ളൂ. അതിനാൽ ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് 10–ാം തീയതി ആണ് കാഞ്ഞൂർ തിരുനാൾ വരുന്നതെന്നും അങ്ങനെ കാഞ്ഞൂർ തിരുനാളിന് പത്താന്തി തിരുനാൾ എന്നു പേരു കിട്ടി എന്നും പറയപ്പെടുന്നു. രണ്ടാമതായി ഇംഗ്ലീഷ് മാസം ജനുവരി 20–ാം തീയതിയാണ് തിരുനാളെങ്കിലും പൊതുവെ മലയാള കലണ്ടർ പ്രകാരം മകരമാസം 10–ാം തീയതിയാണ് ആ ദിവസം വന്നു ചേരുന്നത്. ചില വർഷങ്ങളിൽ മലയാള തീയതികളിൽ ചില വ്യത്യാസങ്ങൾ വരാറുണ്ടെങ്കിലും പഴമക്കാർ ഇപ്പോഴും ഇതിനെ പത്താന്തി തിരുനാൾ എന്നു വിളിച്ചു വരുന്നു എന്നതാണ് മറ്റൊരു സവിശേഷത.



ബാബു അവൂക്കാരൻ
ട്രസ്റ്റി



ഡേവിസ് അയ്നാടൻ
ട്രസ്റ്റി



ജോജി പുതുശ്ശേരി
വൈസ് ചെയർമാൻ



ഡേവീസ് മാഞ്ഞാലി
കപ്യാർ



വർഗീസ് ഇടശ്ശേരി
കപ്യാർ



ദേവസ്സിക്കുട്ടി പയ്യപ്പിള്ളി
ക്ലർക്ക്





പ്രാചീനകാലത്ത് ഉപയോഗിച്ചിരുന്ന ശുദ്ധീകരണ കൽതൊട്ടിയും ശുദ്ധീകരണ കല്ലും

# കാഞ്ഞൂർ പള്ളിയിലെ മദ്ബഹയും പുരാതന ചിത്രകലകളും



മറ്റൊരിടത്തും കാണാൻ കഴിയാത്തതും ആയിരത്തിലേറെ വർഷങ്ങൾ പഴക്കമുള്ളതുമാണ് കാഞ്ഞൂർ പള്ളിയുടെ മദ്ബഹ. മരത്തടിയാൽ നിർമ്മിതവും മനയോല, നീലഅമരി, തുരിശ്, ചാണകം, ഇരുമ്പയിർ കൂടുതലുള്ള വെട്ടുകല്ലിന്റെ പൊടി എന്നിവ ചേർന്ന മിശ്രിതത്തിൽ ഇലച്ചാറും പഴച്ചാറും തങ്കഭസ്മവും ചേർത്ത് പരേഖ് രീതി ഉപയോഗിച്ച് നിർമ്മിച്ച ഛായാചിത്രങ്ങളാൽ അലംകൃതവുമായ ഈ മദ്ബഹ നിർമ്മിച്ചിരിക്കുന്നത് കമാനാകൃതിയിലാണ്. ചിത്രപ്പണികൾ കൊണ്ട് അലംകൃതമായ മദ്ബഹയിൽ ബൈബിളിനെ ആസ്പദമാക്കിയുള്ള വിവിധരംഗങ്ങൾ അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ഗബ്രിയേൽ മാലാഖ മാതാവിനെ മംഗള വാർത്ത അറിയിക്കുന്നത്, മറിയം എലിസബത്തിനെ സന്ദർശിക്കുന്നത്, ഉണ്ണിയേശുവിന്റെ ജനനം, ഉണ്ണിയേശുവിനെ ജറുസലേം ദേവാലയത്തിൽ കാഴ്ചവയ്ക്കുന്നത്, കൈകളിൽ ഏല്പിച്ചു പ്രാർത്ഥിക്കുന്നത്, പരിശുദ്ധാത്മാവിന്റെ അനുഗ്രഹവർഷം, അവസാനത്തെ അത്താഴം, നല്ല സമരിയാക്കാരന്റെ ഉപമയുടെ ദൃശ്യാവിഷ്ക്കാരം, ജറുസലേം ദേവാലയ ശുദ്ധീകരണം, അബ്രഹാമിന്റെ ബലി, നോഹയുടെ ബലി, മൽക്കീസാ പട്ടക്കാരന്റെ ബലി, മോശക്ക് പത്തു പ്രമാണങ്ങൾ കൈമാറുന്നത് തുടങ്ങിയ വിവിധ ദൃശ്യങ്ങളാണ് വർണ്ണഭംഗിയോടുകൂടി ഈ ദേവാലയത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. നൂറ്റാണ്ടുകളെ അതിജീവിച്ചും ജീവസ്സുറ്റവയായി നിലകൊള്ളുന്ന സുവിശേഷത്തിലെ ഈ സുന്ദര നിമിഷങ്ങൾ ഇനിയും വരാനിരിക്കുന്ന അനേക തലമുറകൾക്കായി കാഞ്ഞൂർ മദ്ബഹ പ്രശോഭിച്ചുകൊണ്ടേയിരിക്കുന്നു.



# അമ്പ് നേർച്ചയുടെ പ്രസക്തി

വി. സെബസ്ത്യാനോസിന്റെ തിരുനാളാഘോഷങ്ങളിൽ നടക്കുന്ന നേർച്ചയാണ് "അമ്പ് അഥവാ കഴുന്ന് എഴുന്നള്ളിക്കൽ". പ്രാകൃതമായ, അർത്ഥ ശൂന്യമായ ഒരാചാരമായി കാഴ്ചക്കാർക്കും ആധുനിക തലമുറയ്ക്കും തോന്നിയേക്കാവുന്ന ഒരു നേർച്ചയാണിത്. വിശുദ്ധനെ വധിക്കുന്നതിനുവേണ്ടി ഉപയോഗിച്ച് ഒരു ആയുധം ഇത്രയും പൂജ്യമായി എഴുന്നള്ളിക്കുമ്പോൾ അക്രൈസ്വമായ ആയുധ വണക്കമായി ഇതിനെ തെറ്റിദ്ധരിക്കാൻ സാധ്യത കളേറെയാണ്. ആകയാൽ ഈ നേർച്ചയെ അതിന്റെ ശരിയായ അർത്ഥത്തിലും ചരിത്ര പശ്ചാത്തലത്തിലും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

മുമ്പ് സൂചിപ്പിച്ചതുപോലെ, അമ്പിനെ കേവലം ഒരു ആയുധം മാത്രമായിട്ടല്ല, മറിച്ച് വസൂരി, പ്ലേഗ് മുതലായ പകർച്ചവ്യാധികളുടെ വാഹകനും പ്രതീകവും ആയിട്ടുകൂടിയാണ് പുരാതന ഗ്രീക്കു – റോമൻ സംസ്ക്കാരത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ശത്രുവിനെ നശിപ്പിക്കാൻ അമ്പിന്റെ (ശരത്തിന്റെ) അഗ്രത്തിൽ വിഷം പുരട്ടുന്ന രീതിയും വിവിധ ഗോത്രവർഗ്ഗങ്ങളുടെ ഇടയിൽ നിലനിന്നിരുന്നു. ഈ സാഹചര്യത്തിലാണ് പ്ലേഗും, വസൂരിയും പടർന്നുപിടിച്ചപ്പോൾ ജനങ്ങൾ വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥ്യം തേടിയതും അമ്പുകളേറ്റ വി. സെബസ്ത്യാനോസിന്റെ ചിത്രങ്ങളും രൂപങ്ങളും സൃഷ്ടിക്കപ്പെട്ടതും പ്രചാരത്തിലായതും. എന്തെന്നാൽ വി. സെബസ്ത്യാനോസ് അമ്പുകളേറ്റ് മരിക്കുകയല്ല, മറിച്ച് അദ്ദേഹം അതിനെ അതിജീവിക്കുകയാണ് ചെയ്തത്. ആകയാൽ പകർച്ചവ്യാധികളാൽ കഷ്ടപ്പെടുന്നവർക്ക് വി.സെബസ്ത്യാനോസിനോട് പ്രാർത്ഥിക്കുക വഴി പകർച്ചവ്യാധികളാകുന്ന അമ്പുകളെ തടയാനും അതിനെ അതിജീവിക്കാനും ആവശ്യമായ ദൈവാനുഗ്രഹം വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം വഴി ലഭിക്കുന്നു.

വി.സെബസ്ത്യാനോസിന്റെ ശരീരത്തിലേറ്റ അമ്പുകൾ അദ്ദേഹത്തിന്റെ വിശുദ്ധി വഴി വിശുദ്ധമായപ്പോൾ അമ്പ് ആയുധത്തേക്കാൾ ഉപരി പ്രതീകമായി മാറി. അശുദ്ധമായത് വിശുദ്ധരെ സ്പർശിക്കുമ്പോൾ അതും വിശുദ്ധമാകുമല്ലോ! അതായത് ഭക്തരും വിശ്വാസികളും അമ്പിനെ ആയുധമായി കാണുന്നതിനു പകരം വി. സെബസ്ത്യാനോസിന്റെ പ്രതീകമായി ദർശിച്ചെന്നു സാരം. മാത്രമല്ല, വിശുദ്ധന്റെ രൂപം എഴുന്നള്ളിക്കുന്നത് അപ്രായോഗികമാകയാൽ പകരം വിശുദ്ധന്റെ രൂപത്തിന്റെ തന്നെ ഭാഗമായ അമ്പ് സൗകര്യാർത്ഥം എഴുന്നള്ളിക്കാൻ തുടങ്ങി. പഞ്ചേന്ദ്രിയങ്ങളോടു കൂടിയ മനുഷ്യൻ, കാണാനും കേൾക്കാനും സ്പർശിക്കാനും കൂടുതൽ ഇഷ്ടപ്പെടുന്നു. വിശുദ്ധനോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കാൻ വിശുദ്ധന്റെ ചിത്രവും രൂപവും മനുഷ്യൻ ഉപകരണമാക്കി. ഈ സ്നേഹാദരവുകളുടെ പ്രകടനമാണ് വിശുദ്ധന്റെ പ്രതീകമായി കരുതുന്ന കഴുന്ന് അഥവാ അമ്പ് എഴുന്നെള്ളിപ്പിൽ ഒളിഞ്ഞിരിക്കുന്ന രഹസ്യം.

# വി.സെബാസ്ത്യാനോസിന്റെ ജീവിതത്തിലൂടെ

റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഫ്രാൻസിലെ നർബോനയിൽ A.D. 255 –ൽ ഒരു പ്രഭു കുടുംബത്തിൽ സെബസ്ത്യാനോസ് ഭൂജാതനായി. മിലാനിലെ വിദ്യാഭ്യാസത്തിനു ശേഷം, കാരീനൂസ് ചക്രവർത്തിയുടെ കാലഘട്ടത്തിൽ പ്രഭു കുടുംബ പാരമ്പര്യമനുസരിച്ച് സെബസ്ത്യാനോസ് റോമൻ സൈന്യത്തിൽ അംഗമായി ചേർന്നു. കാരീനൂസ് ചക്രവർത്തിക്കുശേഷം ഭരണഭാരം ഏറ്റെടുത്ത ഡയക്ലീഷൻ ചക്രവർത്തി, സൗന്ദര്യവും, യുവത്വവും, വാക്ചാതുര്യവും ധീരതയുമെല്ലാം കൈമുതലായുണ്ടായിരുന്ന സെബസ്ത്യാനോസിനെ തന്റെ അംഗരക്ഷക സേനയുടെ സൈന്യാധിപനായി (Master and Duke of the soldiers) നിയമിച്ചു. ക്രിസ്തുമത വിശ്വാസിയായിരുന്ന സെബസ്ത്യാനോസ് താൻ ക്രിസ്ത്യാനിയാണെന്ന വസ്തുത പരസ്യപ്പെടുത്തിയിരുന്നില്ല. റോമൻ ചക്രവർത്തിമാർ ക്രിസ്ത്യാനികളെ തെരഞ്ഞുപിടിച്ച് പീഡിപ്പിച്ചുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. ഡയക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് മതപീഡനം അതിന്റെ മൂർദ്ധന്യത്തിലെത്തി. സൈന്യധിപനായിരുന്ന സെബസ്ത്യാനോസ് പീഡിപ്പിക്കപ്പെട്ടിരുന്ന ക്രിസ്ത്യാനികളെ രഹസ്യത്തിൽ സന്ദർശിക്കുകയും വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, തടവിലാക്കപ്പെട്ട ക്രിസ്തീയ സഹോദരങ്ങളെ തടവറകളിൽ സന്ദർശിച്ച് അവരെ ശക്തിപ്പെടുത്തുകയും ചെയ്തിരുന്നു.

സെബസ്ത്യാനോസ് ക്രിസ്ത്യാനിയാണെന്നും ക്രിസ്ത്യാനികളെ സന്ദർശിച്ച് ധൈര്യപ്പെടുത്തുന്നുണ്ടെന്നും ഡയക്ലീഷൻ ചക്രവർത്തി അറിഞ്ഞു. തന്റെ അംഗരക്ഷക വ്യൂഹത്തിന്റെ നേതാവായ സെബസ്ത്യാനോസ് ക്രിസ്ത്യാനിയാണെന്നറിഞ്ഞ ചക്രവർത്തി ക്രിസ്തീയ വിശ്വാസം പരിത്യജിക്കാൻ സെബസ്ത്യാനോസിനോട് കല്പിച്ചു. സെബസ്ത്യാനോസ് അതിനു തയ്യാറായില്ലെന്നു മാത്രമല്ല ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനെ കുറ്റപ്പെടുത്തുകയും ചെയ്തു. ഇതിൽ ക്ഷുഭിതനായ ചക്രവർത്തി അദ്ദേഹത്തെ അമ്പെയ്തുകൊല്ലാൻ വിധിച്ചു. സേവകർ അദ്ദേഹത്ത ബന്ധിച്ച് ഒരു വയലിൽ കൊണ്ടുപോയി മരത്തിൽ ബന്ധിച്ചു ശരീരമാസകലം മുറിവേല്ക്കത്തക്കവിധം അമ്പെയ്തു. അദ്ദേഹത്തെ മരണത്തിനു വിട്ടുകൊടുത്ത് അമ്പെയ്ത്തുകാർ പോയി. എന്നാൽ അമ്പേറ്റു തളർന്ന സെബസ്ത്യാനോസ് മരിച്ചിരുന്നില്ല.

രക്തസാക്ഷിയായ വി. കാസ്റ്റലുസിന്റെ വിധവ ഐറിൻ അമ്പുകളേറ്റു മരിച്ചെന്നു മനസ്സിലാക്കിയ സെബസ്ത്യാനോസിന്റെ ശരീരം മറവു ചെയ്യുന്നതിനായി എത്തി. അദ്ദേഹത്തെ ബന്ധിച്ചിരുന്ന മരത്തിൽ നിന്നും കെട്ടഴിച്ചു. എന്നാൽ അദ്ദേഹം മരിച്ചിട്ടില്ലെന്ന് മനസിലാക്കിയ അവർ ശരീരത്തിൽ നിന്നും അമ്പുകൾ എടുത്തുമാറ്റി സ്വഭവനത്തിൽ കൊണ്ടുപോയി പരിചരിച്ചു. പൂർണ്ണമായും സൗഖ്യം പ്രാപിച്ച വി.സെബസ്ത്യാനോസ് ഇരട്ടി ധൈര്യത്തോടെ ഡയക്ലീഷൻ ചക്രവർത്തിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ക്രിസ്ത്യാനികൾക്കെതിരെ അദ്ദേഹം നടത്തുന്ന ക്രൂരകൃത്യങ്ങൾക്കെതിരെ അദ്ദേഹത്തെ കുറ്റപ്പെടുത്തി. കൊല്ലപ്പെട്ടുവെന്നു കരുതിയ സെബസ്ത്യാനോസ് തന്റെ മുമ്പിൽ നില്ക്കുന്നത് കണ്ട് ആദ്യം അമ്പരന്നുപോയ ഡയക്ലീഷൻ സമനില വീണ്ടെടുത്തു. തന്റെ മുമ്പിൽ സധൈര്യം നിന്ന് തന്നെ കുറ്റപ്പെടുത്തുന്ന വി.സെബസ്ത്യാനോസിനെ പിടിച്ചുകെട്ടി അടിച്ചു കൊല്ലാൻ ചക്രവർത്തി സൈനികരോട് കൽപിച്ചു. അവർ അദ്ദേഹത്തെ ബന്ധിച്ച് കുറുവടികൊണ്ട് (ഗദക്ക് സമാനമായ വടി) അടിച്ച് കൊല്ലുകയും മൃതദേഹം ഒരു ഓവുചാലിലേക്ക് വലിച്ചെറിയുകയും ചെയ്തു. A.D. 288 – ജനുവരി 20 – നാണ് വി.സെബസ്ത്യാനോസ് രക്തസാക്ഷിത്വം വരിച്ചത്. ഓവുചാലിൽ അദ്ദേഹത്തിന്റെ മൃതദേഹം കിടന്നതിന് ചുറ്റും പരുന്തുകൾ കാവൽക്കാരെപ്പോലെ വട്ടമിട്ടു പറന്ന് കൊണ്ടിരുന്നു. ലൂസിയാന എന്ന മഹതിക്കുണ്ടായ ദർശനത്തിന്റെ ഫലമായി അവർ രഹസ്യത്തിൽ ഓവു സമാനമായ ചാലിൽ നിന്നും വിശുദ്ധന്റെ മൃതദേഹം പുറത്തെടുത്ത് കലിസ്റ്റസിന്റെ സെമിത്തേരിയിൽ (ഭൂഗർഭ സെമിത്തേരി– കാറ്റക്യൂമ്പ്) സംസ്ക്കരിച്ചു. ഈ കാറ്റക്യൂമ്പിന്റെ മുകളിലാണ് വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള ബസിലിക്ക പണി ചെയ്യപ്പെട്ടിരിക്കുന്നത്.












# കാഞ്ഞൂരിനെ സ്വയം തിരഞ്ഞെടുത്ത തിരുസ്വരൂപം

1647-ൽ ഇറ്റലിയിലെ മിലാനിൽ നിന്നും പോർച്ചുഗീസ് മിഷനറിമാരാണ് കാഞ്ഞൂരിലെ പുണ്യവാന്റെ തിരുസ്വരൂപം ഇവിടെയെത്തിച്ചത്. അത്ഭുതത്തിന്റെ പൂത്തിരി കത്തിച്ചു കൊണ്ടായിരുന്നു പുണ്യവാന്റെ കാഞ്ഞൂരിലേക്കുള്ള വരവ്. കാഞ്ഞൂർ, അർത്തുങ്കൽ, അതിരമ്പുഴ എന്നീ ദേവാലയങ്ങൾക്ക് വേണ്ടി മൂന്നു രൂപങ്ങളായിരുന്നു ഇറ്റലിയിൽ നിന്നും ഭാരതത്തിലേക്ക് കൊണ്ട് വന്നത്. ഒരേ വലിപ്പത്തിലായിരുന്ന രൂപങ്ങളിൽ ഏത് കാഞ്ഞൂർക്ക് എന്ന സന്ദേഹത്തിൽ ഉത്തരവാദിത്വപ്പെട്ടവർ വിഷമിക്കെ കാഞ്ഞൂരിലേക്കുള്ള രൂപം കപ്പലിൽ വച്ചു തന്നെ കിഴക്കു വടക്കായി കാഞ്ഞൂരിനെ ലക്ഷ്യമാക്കി സ്വയം തിരിഞ്ഞു എന്ന് ചരിത്രം. കാഞ്ഞൂർ മഹാ ഇടവകയിലെ വിശ്വാസി സമൂഹം, പിതാമഹന്മാരിൽ നിന്ന് വായ്മൊഴിയായി ലഭിച്ച ഈ വിശ്വാസ സത്യം നൂറ്റാണ്ടുകളായി വരും തലമുറയിലേക്കും പകർന്നു വരുന്നു. തങ്ങളെ സ്വയം തിരഞ്ഞെടുത്തു തങ്ങളോടൊപ്പം കാഞ്ഞൂരിൽ വസിക്കുന്ന വിശുദ്ധ സാന്നിധ്യമായ പുണ്യവാൻ, വിശ്വാസി സമൂഹത്തിന്റെ സിരകളിലെ അടങ്ങാത്ത ആവേശവും ഒരു ദേശത്തിന്റെ തന്നെ അഭിമാനവും ആശ്രയവുമാണ്.


**JOHNSON'S**

**ELECTRONICS & HOME APPLIANCES**

PUTHIYEDAM, THEKKEANGADI

PH: 9846218024, 7012315523





**pmbi**

Pharmaceuticals & Medical Devices Bureau of India

**പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം**

(മെഡിക്കൽ സ്റ്റോർ) ഒരു കേന്ദ്രസർക്കാർ സംരംഭം

5/311D, മാധവ് ക്ലോംപ്ലക്സ് പുതിയേടം അമ്പലത്തിന് എതിർവശം

Store : 0484-2464384

Mob: 9947472375

Emai: premnathcn1969@gmail.com





ഇംഗ്ലീഷ് മരുന്നുകൾ 90% വരെ വിലക്കുറവിൽ ലഭ്യമാണ്

കമ്പനി മരുന്നുകൾ 10% മുതൽ 16% വരെ വിലക്കിഴിവിൽ


## പ്രധാന തിരുനാൾ തിരുക്കർമ്മങ്ങൾ

**2024 ജനുവരി 19 വെള്ളി**

09.30 am : ആഘോഷമായ പാട്ടു കുർബാന

03.00 pm : മൂന്ന് അങ്ങാടി പ്രദക്ഷിണം

**2024 ജനുവരി 20 ശനി**

9.30 am : ആഘോഷമായ തിരുനാൾ പാട്ടു കുർബാന

12.00 pm : മൂന്ന് അങ്ങാടി പ്രദക്ഷിണം

06.30 pm : പള്ളി ചുറ്റി സമാപന പ്രദക്ഷിണം

**എട്ടാമിടം**

**2024 ജനുവരി 26 വെള്ളി**

09.30 am : ആഘോഷമായ പാട്ടു കുർബാന

06.30 pm : വി. കുർബാന. തുടർന്ന് പള്ളി ചുറ്റി പ്രദക്ഷിണം

**2024 ജനുവരി 27 ശനി**

09.30 am : ആഘോഷമായ തിരുനാൾ പാട്ടു കുർബാന

തുടർന്ന് : പള്ളി ചുറ്റി സമാപന പ്രദക്ഷിണം

### കാഞ്ഞൂർ പള്ളിയിൽ ജനുവരി 11 മുതൽ 19 വരെ എല്ലാദിവസവും രാവിലെ 5.30, 7.00 , 10.00 എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും ഉണ്ടായിരിക്കുന്നതാണ്

ജനുവരി 10 മുതൽ 18 വരെ വൈകിട്ട് കാഞ്ഞൂർ കപ്പേളയിൽ വിശുദ്ധന്റെ തിരുനാളിന് മുന്നൊരുക്കമായുള്ള നൊവേനകൾ നടക്കുന്നു. ജനുവരി 10 നും, 18 നും, കൂടാതെ ഇടയിൽ വരുന്ന വെള്ളിയാഴ്ചയും, ഞായറാഴ്ചയും വൈകിട്ട് 6.00ന് കുർബാനയും, നൊവേനയും ഉണ്ടായിരിക്കും. മറ്റ് ദിവസങ്ങളിൽ വൈകിട്ട് 6.30 ന് നൊവേനയും വചന പ്രഘോഷണവും ഉണ്ടായിരിക്കും.

**ദുഃഖവെള്ളിയാഴ്ച ഒഴികെയുള്ള എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 5.30, 7.00, 10.00, വൈകീട്ട് 5.30 എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും ഉണ്ടായിരിക്കും**



കാഞ്ഞൂർ പള്ളിയുടെ നാമധാരിയായ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ ദർശന തിരുനാൾ എല്ലാ വർഷവും ഡിസംബർ 6, 7, 8 തീയതികളിൽ ആഘോഷിക്കുന്നു. 6 ന് രാവിലെ 7.00 മണിയുടെ വി. കുർബാനയ്ക്ക് ശേഷം തിരുനാൾ കൊടികയറ്റം 7ന് വൈകിട്ട് തിരുനാൾ കുർബാന തുടർന്ന് അങ്ങാടി പ്രദക്ഷിണം 8ന് രാവിലെ 9.00ന് തിരുനാൾ കുർബാന തുടർന്ന് പള്ളിചുറ്റി പ്രദക്ഷിണം, നേർച്ച സദ്യ

Ph :0484-2462263 | E-mail: kanjoorchurch@gmail.com

www.kanjoorchurch.com | www.stmarysforanechurch.com




**2024 ജനുവരി 18 വ്യാഴം**
രാത്രി 9.00 മണിക്ക്
സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ ഗ്രൗണ്ടിൽ

കൊച്ചിൻ റോയൽ മീഡിയ അവതരിപ്പിക്കുന്ന
**സൂപ്പർ ഹിറ്റ് ഗാനമേള**
Mega Show & Live Music Band
Sponsors by : Voice Of Kanjoor

**2024 ജനുവരി 19 വെള്ളി**
രാത്രി 10.00 മണിക്ക്
പള്ളി മൈതാനിയിൽ

തിരുവനന്തപുരം സരിഗ അവതരിപ്പിക്കുന്ന
**NO.1 കോമഡി മാസ്റ്റേഴ്സ്**
Mega Show

**2024 ജനുവരി 20 ശനി**
രാത്രി 9.00 മണിക്ക്
തെക്കേ അങ്ങാടിയിൽ

**DJ MUSICAL Night**
Sponsors by : Friends of Thekkeangadi

**2024 ജനുവരി 21 ഞായർ**
രാത്രി 9.00 മണിക്ക്
പള്ളി മൈതാനിയിൽ

Cohin Music Stars അവതരിപ്പിക്കുന്ന
**സൂപ്പർ ഹിറ്റ് ഗാനമേള & DJ**
Sponsers by : Brothers Kanjoor

**2024 ജനുവരി 26 ഞായർ**
രാത്രി 9.00 മണിക്ക്
പള്ളി മൈതാനിയിൽ

കണ്ണൻ സാഗർ & ടീം അവതരിപ്പിക്കുന്ന
കൊച്ചിൻ വിന്നേഴ്സിന്റെ
**മില്ലേനിയം മെഗാ ഇവന്റ്**

**ജനുവരി 19, 20, 26 രാത്രി**
**ആകാശവർണ്ണ വിസ്മയം**




**MERCELY'S** ICE CREAM

INDIA'S FIRST ICE CREAM WITH PREBIOTIC & PROBIOTIC





FRUIT FILLED CONES




# COMPASS INTERNATIONAL

**GUIDING IN THE RIGHT DIRECTION**



## STUDY ABROAD

CANADA | FRANCE | UK | GERMANY | AUSTRALIA | NEW ZEALAND | SCHENGEN COUNTRIES

## FREE IELTS

7736269 996
7994163 336

www.compasseduabroad.com

NIRAALA

MANAGEMENT CONSULTANCY PVT LTD

ISO 9001:2015 CERTIFIED COMPANY

## ഭൂമി തരം മാറ്റൽ

ഭൂമിപരമായ കേസുകൾ, ഭൂമിപരമായ രേഖകൾ ഗവൺമെന്റ് ഓഫീസുകളിൽ നിന്ന് എടുപ്പിക്കൽ, ഭൂമി തരം മാറ്റം തുടങ്ങിയ ഭൂമിപരമായ എല്ലാ പ്രശ്നങ്ങൾക്കും ഒരു സൊല്യുഷൻ

**REAL ESTATE**

“സ്വപ്നങ്ങൾക്ക് ജീവൻ നൽകാൻ നല്ലൊരു ഭൂമി”

9633 681 818
9633 799 977

CORPORATE OFFICE : ERNAKULAM, M.G ROAD

OUR REGIONAL OFFICES

TRIVANDRUM, THIRUVALLA, KOTTAYAM, KATTAPPANA, ERNAKULAM, CHALAKUDY, THRISSUR, MALAPPURAM, KOZHIKODE, WAYANAD, UAE-DUBAI